സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്

## (സാന്നിദ്ധ്യം: വി. എസ്. ജയകുമാർ)

## സംഗ്രഹം

പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കൽ - ചുമതല തുക യഥാസമയം ക്ലിയർ ചെയ്യാതിരിക്കുകയും ചുമതല രജിസ്റ്റർ പരിപാലിക്കാതിരിക്കുകയും ആഡിറ്റ് റിപ്പോർട്ടുകൾക്ക് മറുപടി അയയ്ക്കാതിരിക്കുകയും ചെയ്യുന്നവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതും വീഴ്ചക്കാരുടെ പൊതുസ്ഥലംമാറ്റ അപേക്ഷ നിരസിക്കുന്നതും സംബന്ധിച്ചുള്ള ബോർഡ് തീരുമാനം - കൂടുതൽ സമയം അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 87/12/Est-1** നന്തൻകോട്, 02/06/2016

---

പരാമർശം :- 1) 27-09-2012, 17-02-2016, 11-03-2016, 02-05-2016 എന്നീ തീയതികളിലെ മേൽ നമ്പർ ഉത്തരവുകൾ.
2) അംഗീകൃത സർവ്വീസ് സംഘടനയുടെ 02-06-2016 ലെ കത്ത്.

## ഉത്തരവ്

ചുമതല തുക യഥാസമയം ക്ലിയർ ചെയ്യാതിരിക്കുകയും ചുമതല രജിസ്റ്റർ പാലിക്കാതിരിക്കുകയും ആഡിറ്റ് റിപ്പോർട്ടുകൾക്ക് മറുപടി അയയ്ക്കാതിരിക്കുകയും ചെയ്യുന്നവരുടെ ശമ്പളം ചെലവെഴുതി നൽകുവാൻ/ക്ലെയിം ചെയ്യാൻ പാടില്ലയെന്ന ഉത്തരവിന്റെ പ്രാബല്യം 30-04-2016 വരെയായി 02-05-2016 ലെ ഉത്തരവും പ്രകാരം ദീർഘിപ്പിച്ചിരുന്നു.

ജൂൺ മാസത്തിൽ സ്ക്കൂൾ/കോളേജ് തുറക്കുന്ന സാഹചര്യത്തിൽ കാലാവധി ദീർഘിപ്പിക്കണമെന്ന സൂചന 2 ലെ അഭ്യർത്ഥന പരിഗണിച്ച് പരാമർശം 1 ഉത്തരവുകളിലെ ശമ്പളം ചെലവെഴുതുന്നത് സംബന്ധിച്ചുള്ള കാലാവധി മാത്രം ഒരു മാസം കൂടി ദീർഘിപ്പിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

പകർപ്പ് :-

1. All Heads of Offices
2. സെക്ഷൻ ഫയൽ
3. ഫയൽ ബുക്ക്
4. ഫെയർ ആഫീസ് കോപ്പി.

SK